പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

10.12.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 3388

## ഡീസൽ വില വർദ്ധനവ് മത്സ്യബന്ധന മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഡീസൽ വില വർദ്ധനവ് മത്സ്യബന്ധന മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഡീസൽ വില വർദ്ധനവ് കാരണം ഒരു ബോട്ടിന് സാമ്പത്തിക ബാധ്യത വർഷത്തിൽ പന്ത്രണ്ട് ലക്ഷം മുതൽ പതിനെട്ട് ലക്ഷം രൂപ വരെയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബോട്ടിന്റെ പ്രവർത്തനവും വലിപ്പവും അനുസരിച്ച് ഡീസലിന്റെ ഉപഭോഗം വ്യത്യാസപ്പെടും. പതിനഞ്ച് ദിവസത്തിൽ കൂടുതൽ കടലിൽ തങ്ങി മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളിൽ ഏകദേശം 3000 മുതൽ 4000 ലിറ്റർ വരെ ഡീസൽ ഒരു തവണ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നു. ഇങ്ങനെ ശരാശരി 20 തവണയെങ്കിലും ഇത്തരം ബോട്ടുകൾ ഒരു വർഷത്തിൽ മൾട്ടിഡേ ഫിഷിംഗ് നടത്താറുണ്ട്. അതുപ്രകാരം ചെലവിൽ കാര്യമായ വർദ്ധനവ് മത്സ്യബന്ധന ബോട്ടുകൾക്ക് ഉണ്ടാകുന്നുണ്ട്. മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നത് കുറെയേറെ ആശ്വാസകരമാണ്. |
| (സി) | ഇരുന്നൂറ്റമ്പത് മുതൽ അഞ്ഞൂറ് ലിറ്റർ ഡീസൽ വരെ നിറച്ച് മത്സ്യബന്ധനത്തിന് പോകുന്ന പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങൾക്ക് പ്രതിദിന അധിക ചെലവ് 3250 മുതൽ 6500 രൂപ വരെ ആണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (സി) & (ഡി) | ഡീസൽ വില വർദ്ധനവ് മൂലം മത്സ്യബന്ധന ചെലവ് വർദ്ധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി ഡീസലിന് സബ്സിഡി നൽകുന്നുണ്ടെങ്കിലും അത് ബി.പി.എൽ-കാർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ അത് ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ട്. ഈ ആനുകൂല്യം എ.പി.എൽ കാർക്ക് കൂടി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു വരികയാണ്. കൂടാതെ, ഒരു ലിറ്റർ ഡീസലിന് ഏകദേശം 8 രൂപ റോഡ് ടാക്സ് ഇനത്തിൽ ചുമത്തപ്പെടുന്നുണ്ട്. മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന ഡീസലിൽ ചുമത്തുന്ന റോഡ് ടാക്സ് ഒഴിവാക്കുവാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ